272/LH/18.

"ഭരണഭാഷ – മാതൃഭാഷ"

**വളരെ അടിയന്തിരം**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഇ8/1632/2015/സിഇ/തസ്വഭവ | തീയതി: 27.09.2018

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - 01.01.2017, 01.01.2018 എന്നീ തീയതികളിലെ എസ്.സി / എസ്.ടി വിഭാഗ പ്രാതിനിധ്യം - വിവരശേഖരണം - സംബന്ധിച്ച്

സൂചന:-
1) പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പിൽ നിന്നുമുള്ള നിർദ്ദേശം
2) 22.06.2017 - ലെ ഇതേ നമ്പർ ഓഫീസ് സർക്കുലർ
3) 2018 ഒക്ടോബർ മാസത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന എസ്.സി / എസ്.ടി വിഭാഗ പ്രാതിനിധ്യ അവലോകന യോഗം

മേൽ സൂചനകൾ (1) & (3) പ്രകാരം 01.01.2017, 01.01.2018 തീയതികൾ അടിസ്ഥാനമാക്കി ഈ വകുപ്പിലെ എസ്.സി / എസ്.ടി പ്രാതിനിധ്യം അവലോകനത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ **സൂചന (2) - ലെ സർക്കുലർ അനുസരിച്ചുള്ള 01.01.2017 തീയതിയിലെ വിവരങ്ങൾ താഴെ പറയുന്ന കാര്യാലയങ്ങളിൽ നിന്നും ഇനിയും ലഭ്യമായിട്ടില്ല.**

1. കെ.എസ്. ആർ.ആർ.ഡി.എ (പി.ഐ.യു-കൾ ഉൾപ്പെടെ - കൊല്ലം , കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ്)
2. എൽ.എസ്.ജി.ഡി, ദക്ഷിണമേഖല, തിരുവനന്തപുരം (മുനിസിപ്പാലിറ്റികളുടെ വിവരങ്ങൾ ഉൾപ്പെടെ)
3. കോർപ്പറേഷൻ - തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കണ്ണൂർ
4. എൽ.എസ്.ജി.ഡി ഡിവിഷൻ - കൊല്ലം, എറണാകുളം

എൽ.എസ്.ജി.ഡി, ഉത്തരമേഖലയുടെ കീഴിൽ വരുന്ന മുനിസിപ്പാലിറ്റികളിൽ നിന്നും ഇനിയും വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ, അവ കൂടി ഉൾപ്പെടുത്തി ഒരിക്കൽ കൂടി അയയ്ക്കേണ്ടതാണ്.

**ടി സാഹചര്യത്തിൽ 01.01.2017 - ലെ വിവരങ്ങൾ 29.09.2018 -ാം തീയതി രാവിലെ 11.00 മണിയ്ക്കകം നിർദ്ദിഷ്ട മാതൃകയിൽ ഇ-മെയിൽ മുഖാന്തിരം അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. ടി വിവരങ്ങൾ സമർപ്പിക്കാത്ത പക്ഷം, ബന്ധപ്പെട്ട നിയന്ത്രണാധികാരിയ്ക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതാണ്.**

**01.01.2018 - ലെ വിവരങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ 05.10.2018- ാം തീയതി രാവിലെ 11.00 മണിയ്ക്കകം** നിർദ്ദിഷ്ട മാതൃകയിൽ എല്ലാ നിയന്ത്രണാധികാരികളും ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, നിർദ്ദിഷ്ട സബ് ഡിവിഷൻ, സെക്ഷൻ എന്നിവിടങ്ങളിൽ നിന്നും, മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നിർദ്ദിഷ്ട മുനിസിപ്പാലിറ്റികളിൽ നിന്നും, കെ.എസ്.ആർ.ആർ.ഡി.എ നിയന്ത്രണാധികാരി 14 പി.ഐ.യു - കളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്. **സൂചന (3) പ്രകാരം ടി വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സമയ ക്ലിപ്തത പാലിക്കുവാൻ നിയന്ത്രണാധികാരികൾക്ക് കർശന നിർദ്ദേശം നൽകുന്നു.**

ഉള്ളടക്കം - സൂചന (2) സർക്കുലർ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
**(ചീഫ് എഞ്ചിനീയർക്കു വേണ്ടി)**

എസ്.എ

No. 80/Est/2017

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഇ8/1632/15/സീഇ/തസ്വഭവ

തീയതി : 22.06.2017

# സർക്കുലർ

വിഷയം:- തസ്വഭവ-എഞ്ചിനീയറിംഗ് വിഭാഗം)-ജീവനക്കാര്യം-എസ്.സി/എസ്.ടി പ്രത്യേക നിയമനം-വിവിധ തസ്തികകളിലെ ജീവനക്കാരിലെ എസ്.സി/എസ്.ടി വിഭാഗ പ്രാതിനിധ്യം - വിവരശേഖരണം സംബന്ധിച്ച്.

സൂചന:- പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പിൽ നിന്നുമുള്ള നിർദ്ദേശം

മേൽ സൂചന പ്രകാരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ 01.01.2017 തീയതി അടിസ്ഥാന മാക്കി പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകനത്തിനായി, ഈ വകുപ്പിന്റെ സ്റ്റാഫ് സ്ട്രങ്ങ്ത് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. ടി സാഹചര്യത്തിൽ, ഈ വകുപ്പിന് കീഴിലുള്ള ഓഫീ സുകളിലെ ജീവനക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ **05.07.2017-ാം തീയതിയ്ക്കകം** *e-mail* മുഖാന്തിരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. എല്ലാ ഓഫീസുകളിലെയും എല്ലാ വിഭാഗത്തിൽപ്പെട്ട സ്ഥിരം ജീവനക്കാരുടെയും (സൂപ്രണ്ടിംഗ് എഞ്ചിനീയർ മുതൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഉള്ളവർ വരെ) നിലവിലുള്ള ആകെ എണ്ണവും, അതിൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ എത്ര എണ്ണം , ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർ എത്ര എണ്ണം, ടി വിഭാഗങ്ങളിൽ ഉൾപ്പെട്ടവർ ഇല്ല എങ്കിൽ, ഇല്ല എന്നുള്ള വിവരവും പ്രൊഫോർമയിൽ രേഖ പ്പെടുത്തേണ്ടതാണ്.

Staff strength as on 01.01.2017

| Sl.No | Category | Scale of Pay | Total Strength | SC | ST | OBC |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |

എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അവരുടെ അധികാരപരിധിക്കു കീഴിലുള്ള സബ് ഡിവിഷൻ, സെക്ഷൻ എന്നിവിടങ്ങളിൽ നിന്നും മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീ യർമാർ അവരുടെ അധികാര പരിധിക്കു കീഴിലുള്ള മുനിസിപ്പാലിറ്റികളിൽ നിന്നും പ്രസ്തുത വിവര ങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചു തന്നെ നൽകേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ, അടിയന്തര പ്രാധാന്യം നൽകി നിശ്ചിത സമയ ത്തിനകം ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ *e-mail* മുഖാന്തിരം ടി വിവരം സമർപ്പിക്കേണ്ടതാണ്.

ഡെപ്യൂട്ടി ചീഫ് എൻജിനീയർ
(ചീഫ് എഞ്ചിനീയർക്ക് വേണ്ടി)

പകർപ്പ്:- 1) എല്ലാ സൂപ്രണ്ടിംഗ് എൻജിനീയർമാർക്കും (നോർത്ത് സർക്കിൾ/സൗത്ത് സർക്കിൾ/ കോർപ്പറേഷൻ/കെ.എസ്.ആർ.ആർ.ഡി.എ)
2) എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും.
3) എല്ലാ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
4) എല്ലാ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
5) എല്ലാ മുനിസിപ്പാലിറ്റികളിലെ നിയന്ത്രണാധികാരികൾക്കും.

S 1071